# കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# സാരംഗ് വിളിക്കുന്നു

**സാരംഗിൽ** നിന്ന് ഒരു തെളിഞ്ഞ ദിവസമാണ് ഞങ്ങളീ കുറിപ്പെഴുതുന്നത്. സാരംഗിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി പലവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ഞങ്ങൾ. 2006 മുതൽ അച്ഛനും അമ്മയും (ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും) വിവിധ സ്ഥലങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി സാരംഗ് മലയിൽ നിന്നും വിട്ടുനിന്നതുകൊണ്ടും സാമ്പത്തിക പ്രശ്നങ്ങളുള്ളതുകൊണ്ടും ആൾബലമില്ലാത്തതുകൊണ്ടും സജീവമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളോ നീർമറി വികസനമോ കാട്ടുതീക്കെതിരെയുള്ള പ്രവർത്തനങ്ങളോ ഇക്കാലയളവിൽ നടന്നിരുന്നില്ല.

പണ്ടുള്ളതിനേക്കാൾ ശക്തിയായി സാരംഗിന്റെ പ്രവർത്തനങ്ങൾ കാലം ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ അൽപ്പം നീക്കിയിരിപ്പും പണവും സമയവും കിട്ടിയപ്പോഴൊക്കെ ഞങ്ങൾ സാരംഗിൽ ചെല്ലുകയും കാമ്പസ് പുനഃസ്ഥാപിക്കുന്നതിനായി ചെറിയതോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഒരു കോട്ടേജ്, തൊഴുത്ത്, കുളിമുറി എന്നിവ പൂർണ്ണമായും അടുക്കള ഭാഗികമായും പൂർത്തിയായി. സാരംഗിൽ നിന്നും വിട്ടുനിന്ന വർഷങ്ങളത്രയും സാരംഗിനെ ഒരു ഗ്രാമീണ സർവ്വകലാശാലയാക്കുക എന്ന വലിയ സ്വപ്നമായിരുന്നു ഞങ്ങളുടെ ഉള്ളിൽ. ആ സ്വപ്നം സാക്ഷാത്കരിക്കാൻ ഞങ്ങളാലാവും വിധം പണിയെടുക്കാനും മക്കളെ ഈ മണ്ണിൽ വളർത്താനും ഞങ്ങൾ സാരംഗ് മലയിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. അച്ഛനും അമ്മയും പാലക്കാട് കോങ്ങാട്ടുള്ള ഒരു വീട്ടിൽ കലാപഠനവും അദ്ധ്യാപക പരിശീലനവും തുടരും. ചെറിയ ചെറിയ ചുവടുവയ്പ്പുകളാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. വൈദ്യുതിക്ക് വേണ്ടി ഒരു കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിച്ചു. പണികൾ പതുക്കെ മുന്നേറുന്നു. ഇപ്പോൾ മറ്റെന്തിനേക്കാളും ഇവിടെ ആവശ്യം ആൾബലമാണ്. ഞങ്ങളോടൊപ്പം ഗ്രാമീണ സർവ്വകലാശാല എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ നിങ്ങളുമുണ്ടാവുമല്ലോ?

**അനു, ഗൗതം, ഹിരണ്യ, പാർത്ഥൻ**
**9447114482**, saranghills@gmail.com

## കണ്ടത് പറഞ്ഞാൽ

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# സമയം 5.30

**കേരളത്തിൽ** ഏതെങ്കിലും പൊതുപരിപാടി കൃത്യസമയത്തുതന്നെ നടക്കുന്നത് അപൂർവ്വമാണ്. അതിനാൽ സംഘാടകർ 5.00 മണി എന്ന് നോട്ടീസിൽ വെക്കും. 5.30ന് എങ്കിലും തുടങ്ങാനാകുമെന്നാണ് കണക്കുകൂട്ടൽ. ഈ ഗണിതം സമയകാര്യത്തിൽ മലയാളിയുടെ ദുശ്ശീലമായി മാറി. കൃത്യനിഷ്ഠത, അതൊക്കെ ആർക്കുവേണം എന്ന ഉദാസീനതയാണ് കൂടുതൽ. എത്തിച്ചേരേണ്ടവർ നോട്ടീസിൽ കാണുന്ന സമയത്തിനും അരമണിക്കൂർ കഴിഞ്ഞേ എത്താറുള്ളൂ. വി.ഐ.പി.കളുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം. ഇവരാണ് സമയനിഷ്ഠ അട്ടിമറിച്ച പ്രധാന വിഭാഗം. ഇപ്പോൾ സംഘാടകരും ഈ വഴിയേ ആയിത്തുടങ്ങി.

5.30ന് തുടങ്ങിയ പരിപാടി ഒന്നും രണ്ടും മണിക്കൂർ സമയമെടുക്കുമ്പോൾ സ്വന്തം വാഹന സൗകര്യമില്ലാത്തവർ പൊരുന്നക്കോഴികളായി മാറും. മൂടുംത്തട്ടി എഴുന്നേൽക്കും. സ്ത്രീകൾക്ക് ഇത്തരം സദിരുകൾ ആസ്വദിക്കാൻ അവസരമില്ല. രാത്രിയാത്രയുടെ പ്രശ്നങ്ങൾ! ആണുങ്ങളാണ് ഇത്തരം പരിപാടികളുടെ ആസ്വാദകരും സംഘാടകരും. ഈ സമയക്രമം രൂപപ്പെട്ടത് നഗരത്തിലെത്തുന്ന കുറച്ചുപേരെ ആകർഷിക്കാനാണ്. ബാങ്ക്, അധ്യാപനം, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനം, കോടതി ഇത്യാദി മേഖലയിലെ ഓഫീസ് വിട്ടുവരുന്നവരെയും സായാഹ്ന വെടിവട്ടക്കാരേയും മുൻനിർത്തിയുള്ള സമയക്രമമാണിത്. ഇവർ സംഭാവനക്ക് മോശക്കാരല്ല. അനർഹമായത് കൈപറ്റുന്നതിന്റേയും നിസ്വരായ അയൽക്കാരുടെ ഇടയിൽ പ്രൗഢിയോടെ ജീവിക്കുന്നതിന്റേയും കുറ്റബോധം കുറച്ചുകാണും. ഇവരെയാണ് നമ്മുടെ സാംസ്കാരിക സദസ്സുകൾ പ്രതീക്ഷിക്കുന്നത്. പത്രങ്ങളിൽ ഇന്നത്തെ പരിപാടിയുടെ കോളം നോക്കി പരിപാടികളിൽ പങ്കെടുക്കുന്നവരാണിക്കൂട്ടത്തിൽ അധികവും. എന്നും എന്തെങ്കിലും പരിപാടി ഇവർക്ക് വേണം എന്ന് നിർബന്ധമാണ്.

ഇടക്കിടെ പരിപാടികൾക്ക് വരുന്നവരെന്ന നിലയിൽ സംഘാടകരുടെ ആദരവ് ഇവർക്ക് സുലഭമായി ലഭിക്കാറുണ്ട്. അല്ലറ ചില്ലറയും ഇവരിൽ നിന്ന് കിട്ടുന്നതാണല്ലോ. പൊതു പരിപാടിക്ക് ആളെ കിട്ടാത്ത കാലത്ത് ഒരു 40 പേരെ തികക്കാൻ പാടുപെടുന്ന സംഘാടകർ എന്തുവിട്ടുവീഴ്ചയ്ക്കും തയ്യാറുമാണ്.

ഇവർ ചില നേരങ്ങളിൽ വലിയ സൈദ്ധാന്തികരും വിപ്ലവകാരികളുമാകാറുണ്ട്. "കുരുടൻ നാട്ടിൽ കോങ്കണ്ണൻ രാജാവ്" എന്നപോലെ 8 മണിക്കൂർ വ്യവസ്ഥയെ നിലനിർത്താനും ഒരു മണിക്കൂർ വ്യവസ്ഥയെ മാറ്റാനും! ഇത്തരം ചെയ്തികളാണ് കേരളത്തിന്റെ സാംസ്കാരിക രംഗത്തെ പ്രത്യാശാരഹിതമാക്കുന്നത്. മിക്കവാറും സാമൂഹ്യ പ്രസ്ഥാനങ്ങളിൽ ഇവർക്ക് ആഴത്തിൽ വേരുകളുണ്ട്. ഇക്കൂട്ടത്തിൽ നമ്മുടെ സുഹൃത്തുക്കളുമുണ്ട്. ഇവരെ തിരിച്ചറിയാനുള്ള ഒരടയോളം പറഞ്ഞുതരാം. "എന്താ പരിപാടി ഒന്നുമില്ലേ?" എന്നതായിരിക്കും കാണുമ്പോൾ ഇവരുടെ ആദ്യത്തെ ചോദ്യം. ആരെങ്കിലും ഇതൊന്നു കഥയാക്കിയെങ്കിൽ കഥയില്ലാത്ത സിനിമക്ക് ഒരു കഥയായേനെ അല്ലേ... അപ്പോ പിന്നെ നമുക്ക് 5.30ന് കാണാം.